Page 1 of 2

പി. കെ. ബഷീർ എം.എൽ.എ.-യ്ക്ക് അറിയാവുന്നതാണ്. കരാർ ലംഘനം നടത്തിയ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി കിറ്റ്കോ അറിയിച്ചിട്ടുണ്ട്. നബാർഡ് RIDF-XIX സ്കീമിന്റെ പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണ കാലാവധി 31-3-2019-ന് അവസാനിച്ചിരിക്കുന്നതിനാൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി ഇനി പൂർത്തീകരിക്കാനാകില്ല. മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പാലക്കയം കോളനിയിൽ കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെട്ട 17 കുടുംബങ്ങളും മുതുവാൻ വിഭാഗത്തിൽപ്പെട്ട 25 കുടുംബങ്ങളുമാണ് താമസിക്കുന്നത്. റിമോട്ട് ഏരിയയിലാണ് അവർ താമസിക്കുന്നത്. 42 കുടുംബങ്ങളാണ് ആകെയുള്ളത്. ആ റോഡ് ഇപ്പോൾ നിർമ്മിക്കുന്നതിനായി 2,60,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഇത്രയും തുക കണ്ടെത്താൻ പ്രയാസമുണ്ട്. മറ്റെന്തെങ്കിലും രീതിയിൽ തുക കണ്ടെത്താൻ കഴിയുമോയെന്ന് പരിശോധിക്കുകയാണ്. 42 കുടുംബങ്ങൾക്ക് വേണ്ടിയാണ് 2,60,00,000 രൂപ വയ്ക്കുന്നതെന്നുള്ളതും നമ്മൾ കാണേണ്ടതാണ്. എന്തെങ്കിലും ബദൽ സംവിധാനങ്ങൾ ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം വകുപ്പ് പരിശോധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(6) റോഡ് നിർമ്മാണം

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തിയിരുന്ന രണ്ട് പ്രധാനപ്പെട്ട റോഡുകളാണ് മനയ്ക്കടവ് - നെല്ലാട് റോഡും മണ്ണൂർ - പോഞ്ഞാലശ്ശേരി റോഡും. ഇതിൽ മനയ്ക്കടവ്-നെല്ലാട് റോഡ് മൂന്ന് സ്ട്രെച്ചുകളായിട്ടാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ആദ്യ റീച്ച് മനയ്ക്കടവ് മുതൽ പള്ളിക്കരവരെയും രണ്ടാമത്തേത് കിഴക്കമ്പലം മുതൽ നെല്ലാട് വരെയും മൂന്നാമത്തെ റീച്ച് പട്ടിമറ്റം മുതൽ പത്താംമൈൽ വരെയുമാണ്. ഇതിൽ ആദ്യത്തെ സ്ട്രെച്ച് മനയ്ക്കടവ് മുതൽ പള്ളിക്കര വരെയുള്ള റീച്ചും പട്ടിമറ്റം മുതൽ പത്താംമൈൽ വരെയുള്ള റീച്ചും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ മൂന്നാമത്തെ സ്ട്രെച്ചായിട്ടുള്ള കിഴക്കമ്പലം മുതൽ നെല്ലാട് വരെയുള്ള റോഡ് നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. റോഡിന്റെ സ്ഥിതി വളരെ മോശമാണ്. ആളുകൾക്ക് യാത്ര ചെയ്യാൻപോലും പറ്റാത്ത രീതിയിൽ മോശമായി കിടക്കുകയാണ്. എറണാകുളം-തേക്കടി സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ മണ്ണൂർ-പോഞ്ഞാലശ്ശേരി റോഡ് കുന്നത്തുനാട്-പെരുമ്പാവൂർ മണ്ഡലങ്ങളിൽ കൂടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

കടന്നുപോകുന്നത്. 2016-17 വർഷത്തെ കിഫ്ബി പദ്ധതിയായ പ്രസ്തുത റോഡിന്റെ ഭരണാനുമതി 23 കോടിരൂപയാണ്. ഈ റോഡിലേയും കുന്നത്തുനാട് മണ്ഡലത്തിൽ മൂന്ന് കിലോമീറ്റർ വരുന്ന റോഡിലേയും യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും ഇതുവരെ തുടങ്ങിയിട്ടില്ല. ഈ റോഡിന്റെ ശോചനീയാവസ്ഥയും അപകടാവസ്ഥയും പരിഹരിച്ച് അടിയന്തരമായി നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഉന്നയിക്കാനുള്ളത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട വിഷയമാണ്. അതുകൂടി പറയാൻ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനിൽ അത് അനുവദിക്കാൻ പാടില്ല. ആ മണ്ഡലത്തിലെ വിഷയമാണിത്. ബഹു. മിനിസ്റ്റർ മറുപടി പറയൂ.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം രണ്ട് റോഡുകളുടെ പ്രവൃത്തി സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. ഒന്ന്, കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലാട്- മനയ്ക്കക്കടവ് റോഡ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണം നടത്തുന്നതിനായി 32.63 കോടി രൂപ അനുവദിച്ചിരുന്നു. ..... (ബഹളം).....ഇതിൽ പട്ടിമറ്റം മുതൽ പത്താംമൈൽ വരെയും മനയ്ക്കക്കടവ് മുതൽ പള്ളിക്കര വരെയും ബി.എം. & ബി.സി. പ്രവൃത്തികൾ പൂർത്തീകരിച്ചു. റോഡുകൾക്ക് ഇരുവശവും ടൈൽ വിരിക്കുന്ന പ്രവൃത്തിയും നടന്നുവരുന്നു. ഈ പ്രവൃത്തിയിൽ കിഴക്കമ്പലം മുതൽ നെല്ലാട് വരെയുള്ള റോഡിലെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. കുന്നത്തുനാട്, പെരുമ്പാവൂർ മണ്ഡലങ്ങളിലുൾപ്പെടുന്ന 12 കിലോമീറ്റർ നീളം വരുന്ന മണ്ണൂർ - പോഞ്ഞാലശ്ശേരി റോഡ് പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിന് 2,375 ലക്ഷം രൂപയുടെ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിരുന്നു. ഈ റോഡിന്റെ ചില ഭാഗങ്ങളുടെ പണിയും ഇനി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഈ റോഡ് കടന്നുപോകുന്ന ഭാഗങ്ങളിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഉന്നതതലയോഗം വിളിച്ച് രണ്ട് പ്രവൃത്തികളുടേയും തടസ്സം നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) മേൽപ്പാല നിർമ്മാണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. ടൗണിൽത്തന്നെ ഇളമ്പള്ളൂർ, പള്ളിമുക്ക്, മുക്കട, ആറുമുറിക്കട എന്നീ നാല് റെയിൽവേ ഗേറ്റുകളാണുള്ളത്. ഒരു ദിവസം 21 തവണയാണ് റെയിൽവേ

LIBRARY ARCHIVES Kerala Legislative Assembly